## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .76 — 28-11-2018 -ൽ മറുപടിക്ക്

### പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിന് വിദേശ രാജ്യങ്ങളിൽ നിന്നും സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിന് വിദേശ രാജ്യങ്ങളിൽ നിന്നും സഹായമെത്തിക്കാമെന്ന് ഐക്യരാഷ്ട്ര സഭ വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | കേരളത്തിന്റെ പുനർനിർമാണത്തിന് വിദേശ രാജ്യങ്ങളിൽ നിന്ന് വിഭവ ലഭ്യതയും സഹായവും ഐക്യ രാഷ്ട്ര സഭ വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| ബി) | വിദേശ രാജ്യങ്ങളിൽ നിന്നും സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിദേശ രാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | ബി) | ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ Sub-section 9.1, 9.2 ൽ പരാമർശിക്കുന്ന നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ, ബഹുരാഷ്ട്ര ഏജൻസികളുടെയോ, ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ഇക്കാര്യത്തിൽ ആവശ്യമാണ്. |
| സി) | ഐക്യരാഷ്ട്ര സഭ നൽകിയ സഹായ വാഗ്ദാനത്തിൽ സർക്കാർ തലത്തിൽ മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | പ്രളയാനന്തര പുനർനിർമ്മാണ ആവശ്യകതാപഠനം (Post Disaster Need Assessment) നടത്തുവാൻ ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളുടെ സഹായം സർക്കാർ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ, United Nations Development Programme, United Environment Programme എന്നിവർ സംസ്ഥാനത്തെ 7 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ